# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 11**

---

**കരട് സിലബസ് തയ്യാറാക്കുന്നതിനുള്ള ശിൽപ്പശാല നാളെ തുടങ്ങും**

## നാലു വർഷ ബിരുദം;പ്രാഥമിക തയ്യാറെടുപ്പുകൾ പൂർത്തിയാക്കി എം.ജി. സർവകലാശാല സിലബസ് രൂപീകരണത്തിലേക്ക്

നാലു വർഷ ബിരുദ പ്രോഗ്രാമുകൾ അടുത്ത അക്കാദമിക് വർഷത്തിൽ ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട തയ്യാറെടുപ്പുകൾ പൂർത്തിയാക്കി, മഹാത്മാ ഗാന്ധി സർവകലാശാല സിലബസ് രൂപീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. സില ബസിന്റെ കരട് തയ്യാറാക്കുന്നതിനുള്ള അഞ്ചു ദിവസത്തെ ശിൽപ്പശാല നാളെ( നവംബർ 13) മുതൽ 30 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

ബിരുദ പ്രോഗ്രാമുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാർ, അധ്യാപക പ്രതിനിധികൾ, വിഷയമേഖലകളുമായി ബന്ധപ്പെട്ട പുറത്തുനിന്നുള്ള വിദഗ്ധർ തുടങ്ങിയവർ ശിൽപ്പശാലകളിൽ പങ്കെടുക്കും. ആദ്യ രണ്ടു ദിവസങ്ങളിൽ പുതിയ പാഠ്യസംവിധാനത്തെക്കുറിച്ചുള്ള പഠന ക്ലാസുകളും ചർച്ചകളും നടക്കും. തുടർന്നുള്ള മൂന്നു ദിവസങ്ങൾ പൂർണമായും സിലബസ് രൂപീകരണത്തിനായാണ് മാറ്റിവച്ചിരിക്കുന്നത്.

ശിൽപ്പശാലകൾക്കു ശേഷം എല്ലാ വിഷയങ്ങളുടെയും ബോർഡ് ഓഫ് സ്റ്റഡീസ് ഡിസംബർ 15ന് മുൻപ് സിലബസിന്റെ കരട് സർവകലാശാലയ്ക്ക് സമർപ്പിക്കും. ഓരോ പ്രോഗ്രാമിനും വേണ്ടി സർവകലാശാല പ്രത്യേകമായി രൂപീകരിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റി കരട് സിലബസിന്റെ വിശദ പരിശോധന നടത്തും. ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ(ഔട്ട്കം ബേസ്ഡ് ലേണിംഗ്) മാർഗനിർദേശങ്ങളും ഇതുമായി ബന്ധപ്പെട്ട സർവകലാശാലാ കമ്മിറ്റിയുടെ ചട്ടങ്ങളും പാലിക്കുന്നുണ്ടോ എന്നതാണ് പ്രധാനമായും വിലയിരുത്തുക. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട മേഖലകളിലെ പുറത്തുനിന്നുള്ള വിദഗ്ധരുടെ അഭിപ്രായങ്ങളും കമ്മിറ്റി പരിഗണിക്കും.

സർവകലാശാലാ കമ്മിറ്റിയും വിഷയങ്ങളുടെ ബോർഡ് ഓഫ് സ്റ്റഡീസും വീണ്ടും ചർച്ച നടത്തി സിലബസിന്റെ കരടിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയശേഷമായിരിക്കും അന്തിമ അംഗീകാരം നൽകുക.

അടുത്ത അക്കാദമിക് വർഷം മുതൽ ബിരുദത്തിന് നാലു വർഷ പ്രോഗ്രാമുകൾ മാത്രമാണ് ഉണ്ടാവുകയെന്നും പൂർണമായും വിദ്യാർഥി സൗഹൃദ മാതൃകയിലാണ് പുതിയ സിലബസ് തയ്യാറാക്കുന്നതെന്നും വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. സിലബസിലും കോഴ്സിന്റെയും പരീക്ഷയുടെയും നടത്തിപ്പ്, സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയവയിലും നിലവിലുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടാകും നാലു വർഷ പ്രോഗ്രാമുകൾ നടത്തുക.

ഒരു പ്രോഗ്രാമിൽ ചേരുന്ന വിദ്യാർഥിക്ക് പഠനം തുടരുന്നതിനിടെ താത്പര്യമനുസരിച്ച് നിബന്ധനകൾക്ക് വിധേയമായി പ്രോഗ്രാമും കോളജും സർവകലാശാലയും മാറാൻ സാധിക്കും. ഈ മാറ്റം സുഗമമാക്കുന്നതിന് രണ്ടാം വർഷം പത്തു ശതമാനം അധിക സീറ്റുകൾ ഏർപ്പെടുത്തും. ഏഴാമത്തെ സെമസ്റ്ററിൽ നിശ്ചിത ക്രെഡിറ്റ് നേടിയിട്ടുള്ള വിദ്യാർഥികൾക്ക് ഓണേഴ്സ് ബിരുദത്തോടെ പഠനം അവസാനിപ്പിക്കാനും സൗകര്യമുണ്ടാകും.

നാലു വർഷ ബിരുദ കോഴ്സുകൾക്കുള്ള തയ്യാറെടുപ്പുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിപുലമായ സാങ്കേതിക സംവിധാനങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്. ഇതിനായി സർവകലാശാലയിൽ പ്രത്യേക ഇൻഫർമേഷൻ ടെക്നോളജി ഫ്രെയിം വർക്ക് സജ്ജമാക്കുമെന്ന് നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ചുമതലയുള്ള സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ പറഞ്ഞു.

പുതിയ വിദ്യാഭ്യാസ സംവിധാനത്തിൽ കോളജ് അധ്യാപകർക്ക് താത്പര്യവും വൈദഗ്ധ്യവുമുള്ള മേഖലകളിൽ പ്രോഗ്രാമുകൾ ചിട്ടപ്പെടുത്തി, ബോർഡ് ഓഫ് സ്റ്റഡീസിന്റെ അംഗീകാരത്തോടെ കോളജുകളിൽ നടപ്പാക്കാനാകും. ഇത്തരം പ്രോഗ്രാമുകൾ കോളജുകളുടെയും അധ്യാപകരുടെയും സിഗ്നേച്ചർ പ്രോഗ്രാമുകൾ എന്ന നിലയിൽ അവതരിപ്പിക്കാനും കഴിയും. ഒരു കോളജിലെ ബിരുദ പ്രോഗ്രാമുകളിൽ 20 ശതമാനം വരെ ഇത്തരം സിഗ്നേച്ചർ പ്രോഗ്രാമുകളാക്കാം.

അടുത്ത വർഷം ജനുവരിയോടെ സിലബസ് ഉൾപ്പടെയുള്ള ക്രമീകരണങ്ങളുടെ അടിസ്ഥാന ചട്ടക്കൂട് പൂർത്തിയാക്കി ഏപ്രിലിൽ പ്രവേശന നടപടികൾ ആരംഭിക്കാനാകുമെന്ന് വൈസ് ചാൻസലർ വ്യക്തമാക്കി.

ഈ വർഷം ജൂൺ 30ന് കോട്ടയം ബി.സി.എം കോളജിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു നാലു വർഷ ബിരുദ പ്രോഗ്രാമുകളെക്കുറിച്ചുള്ള അവതരണം നടത്തിയശേഷം സർവകലാശാലയിൽ ചിട്ടയായ തുടർ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അദ്ദേഹം പറഞ്ഞു. പ്രോഗ്രാം നടപ്പാക്കുന്നതിനായി നിർവാഹക സമിതിയും വിവിധ ചുമതലകളുള്ള ഏഴ് ഉപസമിതികളും പ്രവർത്തിച്ചുവരുന്നു.

സമിതി അംഗങ്ങൾ ഉൾപ്പടെയുള്ളവർക്ക് പരിശീലനം, ചർച്ചകൾ, ശിൽപ്പശാലകൾ, ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമുകൾ തുടങ്ങിയവ സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്ന് ലഭിച്ച കരട് മാർഗനിർദേശങ്ങൾ അടിസ്ഥാനമാക്കിയാണ് ഉപസമിതി സർവകലാശാലാ തലത്തിലെ കരട് മാർഗനിർദേശങ്ങൾക്ക് രൂപം നൽകിയത്.

(പി.ആർ.ഒ/39/1346/2023)

**എം.ജി.യു ടീം ഓൺ സ്പോട്ട് ഉദ്ഘാടനം ചെയ്തു**

## എം.ജി. സർവകലാശാലയുടെ ദുരന്ത നിവാരണ സേന പുതു മാതൃക-മന്ത്രി വി.എൻ വാസവൻ

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് 4800 വിദ്യാർഥികൾ ഉൾപ്പെട്ട സേനയ്ക്ക് രൂപം നൽകിയതിലൂടെ മഹാത്മാ ഗാന്ധി സർവകലാശാല പുതു മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് സഹകരണ-രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. എംജിയു ടീം ഓൺ സ്പോട്ട് എന്ന് പേരിട്ട ദുരന്ത നിവാരണ സേനയുടെ ഉദ്ഘാടനം കോട്ടയം സി.എം.എസ് കോളജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ദുരന്ത മേഖലകളിൽ മനസ്സാന്നിധ്യത്തോടെയും സഹിഷ്ണുതയോടെയും പ്രവർത്തിക്കാൻ സേനാംഗങ്ങൾ ജാഗ്രത പുലർത്തണം.പുതിയ സേനയുടെ ഭാഗമായി നിസ്വാർത്ഥ സേവനത്തിന് സന്നദ്ധരായ സർവകലാശാലയിലെ വിവിധ കോളജുകളിലെ എൻ.എൻ.എസ്. വോളണ്ടിയർമാരും എൻ.സി.സി കേഡറ്റുകളും അഭിനന്ദനമർഹിക്കുന്നു-മന്ത്രി പറഞ്ഞു.

വിവിധ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ച്ചവച്ചിട്ടുള്ള മഹാത്മാ ഗാന്ധി സർവകലാശാലയുടെ കാലോചിതമായ ചുവടുവയ്പ്പാണ് എംജിയു ടീം ഓൺ സ്പോട്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ ദുരന്തനിവാരണ സേനയുടെ ലോഗോ പ്രകാശനം ചെയ്തു.

എൻ.സി.സി ഗ്രൂപ്പ് കമാൻഡർ ബ്രിഗേഡിയർ ബിജു ശാന്താറാം, സിൻഡിക്കേറ്റ് അംഗം ഡോ. കെ.എം. സുധാകരൻ, എൻ.എസ്.എസ് സ്റ്റേറ്റ് ഓഫീസർ ആർ.എൻ. അൻസർ, മേഖലാ ഡയറക്ടർ പി.എൻ. സന്തോഷ്, സർവകലാശാലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ,സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയേൺമെൻറൽ സയൻസ് മേധാവി ഡോ. കെ.ആർ. ബൈജു, സി.എം.എസ് കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് സി. ജോഷ്വ, എൻ.എസ്.എസ് ജില്ലാ

കോ-ഓർഡിനേറ്റർ ഡോ. കെ.ആർ. അജീഷ്,തിരുവല്ല മാർത്തോമാ കോളജിലെ എൻ.സി.സി ഓഫീസർ റെയ്സൺ സാം രാജു എന്നിവർ പങ്കെടുത്തു.

കോട്ടയം, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ പൂർണമായും ആലപ്പുഴ ജില്ലയുടെ കിഴക്കൻ മേഖലയിലും സംസ്ഥാന, ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ, സർക്കാർ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എം.ജി.യു ഓൺ സ്പോട്ടിൻറെ സേവനം ലഭ്യമാകും. വിദഗ്ധ പരിശീലനത്തിനുശേഷമാകും ഇവർ പ്രവർത്തനമാരംഭിക്കുക.

***ഫോട്ടോ ക്യാപ്ഷൻ...***
മഹാത്മാ ഗാന്ധി സർവകലാശാലയുടെ ദുരന്തനിവാരണ സേന എം.ജി.യു ടീം ഓൺ സ്പോട്ടിൻറെ ഉദ്ഘാടനം കോട്ടയം സി.എം.എസ് കോളജിൽ മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു.

(പി.ആർ.ഒ/39/1347/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**